**കൈത്താക്കാലം ഏഴാം ഞായർ**
**മത്താ 6:19-24**

# വചനസന്ദേശം

**ഫാ. ജസ്റ്റിൻ കൈപ്രംപാടൻ**

'അവൻ കണ്ണുകളുയർത്തി നോക്കി.' ഉന്നതങ്ങളിലേക്ക് ദൃഷ്ടിയുയർത്തി ജീവിച്ചവന്റെ കഥ കൂടിയാണ് സുവിശേഷം. ഉയരങ്ങളിലേക്കുള്ള ദൃഷ്ടിയും ദൃഷ്ടാന്തവും ക്രിസ്തുവിനൊരിക്കലും അവിചാരിതമോ, അസാധാരണമോ ആയിരുന്നില്ല. എന്നും എപ്പോഴും സ്വർഗോന്മുഖമായിരുന്നു അവന്റെ പ്രബോധനവും പ്രവർത്തനവും.

യഥാർത്ഥനിക്ഷേപത്തെക്കുറിച്ച് ക്രിസ്തു പഠിപ്പിക്കുന്ന ഇന്നത്തെ സുവിശേഷസന്ദർഭം സവിശേഷമായ അവന്റെ ഈ പ്രവൃത്തിയെ ഓർമ്മപ്പെടുത്തുന്നുണ്ട്. 'ഭൂമിയിൽ നിങ്ങൾ നിക്ഷേപം കരുതി വയ്ക്കരുത്.' ഭൂമിക്കു മീതെയുള്ള നിക്ഷേപസാധ്യതകളെ തിരിച്ചറിയുകയാണ് ഈ കരുതലിന്റെ ആദ്യപടി. 'ഞാൻ പിതാവിൽ നിന്നും വരുന്നു. ഞാനും പിതാവും ഒന്നാണ്.' തന്റെ വരവും പോക്കും എവിടെ നിന്നാണെന്നും എവിടേയ്ക്കാണെന്നും വ്യക്തമായി അറിയുന്ന ക്രിസ്തു, കീടങ്ങൾ നശിപ്പിക്കാത്ത അമൂല്യനിക്ഷേപത്തെക്കുറിച്ചു പറയുമ്പോൾ അത് ആധികാരികമാകുന്നുവെന്നു മാത്രമല്ല, അത് താൻ തന്നെയാണെന്നു കൂടി ഉറപ്പിക്കുന്നു. 'എന്നിലൂടെയല്ലാതെ ആരും പിതാവിങ്കലേയ്ക്ക് വരുന്നില്ല.'

'ഇത്ര പുരാതനവും ഇത്ര നവീനവുമായ സൗന്ദര്യമേ, എത്ര വൈകി ഞാൻ നിന്നെ അറിയുവാൻ' എന്ന വിശുദ്ധ ആഗസ്തീനോസിന്റെ പറച്ചിലിൽ യഥാർത്ഥനിധിയും നിക്ഷേപവും കണ്ടെത്തിയവന്റെ ആനന്ദവും അതിശയവും വൈകിയതിന്റെ വിലാപവുമുണ്ട്.

ഈ ജീവിതം ഇവിടെ അവസാനിക്കാനുള്ളതല്ല എന്ന ബോധ്യം പകരുന്ന പ്രത്യാശയത്രേ ഈ അമൂല്യനിക്ഷേപം. സ്വർഗോന്മുഖമായ യാത്ര തന്നെ യാണത്. ഈ ലോകത്തിലെ യാതൊരു കെടുതികൾക്കും കീടത്തിനും നശിപ്പിക്കാനാകാത്ത പ്രത്യാശയുടെ നല്ല നിക്ഷേപം സ്വന്തമാക്കിയവരാണ് വിശുദ്ധാത്മാക്കൾ. അർബുദബാധിതയായി മുഖം മുഴുവൻ അഴുകിത്തീർന്നിട്ടും പ്രത്യാശയുടെ മഹാനിക്ഷേപത്തെ ഹൃദയത്തിൽ സൂക്ഷിച്ച അഞ്ജനയെ, ദിവ്യകാരുണ്യത്തിന്റെ വാനമ്പാടിയെ, ഓർമ്മ വരുന്നുണ്ടിപ്പോൾ. 'പ്രത്യാശിക്കാനും അവലംബിക്കാനും ലോകത്തിൽ ഒന്നും ഇല്ലാതായാലും, ചോദ്യങ്ങൾക്ക് ഉത്തരമില്ലാതെ ആയാലും ജീവിതത്തിന്റെ അർത്ഥം മനസ്സിലാകാതെ വന്നാലും എല്ലാം നമുക്കായി പരിണമിപ്പിക്കുന്ന, തന്നെ ആശ്രയിക്കുന്നവരെയും അവസാനം വരെ പിടിച്ചു നിൽക്കുന്നവരെയും എന്നും കാക്കുന്ന, ജീവിക്കുന്ന ഒരു ദൈവമുണ്ടെന്ന് ദിനവും എന്നെ ഓർമ്മിപ്പിക്കുന്ന എന്റെ ദിവ്യകാരുണ്യ'മെന്ന് ആ അനന്തനിക്ഷേപത്തെക്കുറിച്ച് അവൾ വാചാലയാകുമ്പോൾ ഹൃദയപൂർവം അതിനായി സമർപ്പിക്കുകയല്ലാതെ നമുക്കെന്താണ് കരണീയമായിട്ടുള്ളത്?